**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1134** **29-08-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൃഗസംരക്ഷണ വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ ആയി 2001 സെപ്റ്റംബറിൽ വിരമിച്ച ശ്രീ. ദാനിയേൽ ഫിലിപ്പിന് ഡി.സി.ആർ.ജി. നൽകുന്നതിന് കാലവിളംബം നേരിടുന്നതിലുള്ള കാരണം വിശദമാക്കാമോ; | (ബി) | പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലെ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസറായിരിക്കെ 30.09.2001-ന് സേവനത്തിൽ നിന്നും വിരമിച്ച ഡോ. ഡാനിയേൽ ഫിലിപ്പിനെതിരെ അച്ചടക്ക നടപടി നിലവിലുണ്ടായിരുന്നതിനാൽ 01.01.2009-ലാണ് ഡി.സി.ആർ.ജി അനുവദിച്ച് നല്കിയിട്ടുള്ളത്. തുടർന്ന് ഡി.സി.ആർ.ജി തുക കൈപ്പറ്റുന്നതിനായി ടിയാന്റെ ബാധ്യതാരഹിത സാക്ഷ്യപത്രം, ചെങ്ങന്നൂർ സബ്ട്രഷറി ഓഫീസർക്ക് നൽകിയിട്ടും ടിയാൻ നാളിതുവരെയും ഡി.സി.ആർ.ജി കൈപ്പറ്റിയിട്ടില്ല. ടിയാന്റെ പേർക്ക് കണ്ടെത്തിയ ബാധ്യത ഒഴിവാക്കപ്പെടുകയും മുഴുവൻ ഡി.സി.ആർ.ജി തുകയും ലഭിയ്ക്കുന്നതിനായുള്ള ബാധ്യതാരഹിത സാക്ഷ്യപത്രം ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം ടിയാന് ട്രഷറിയിൽ നിന്നും ഡി.സി.ആർ.ജി കൈപ്പറ്റാവുന്നതാണ്. |
| (സി) | വാർദ്ധക്യസഹജമായ അസുഖത്താൽ ദുരിതമനുഭവിക്കുന്ന പ്രസ്തുത വ്യക്തിയുടെ ഡി.സി.ആർ.ജി. അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; ഡി.സി.ആർ.ജി. എപ്പോൾ നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (സി) | ഡി.സി.ആർ.ജി കൈപ്പറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ടിയാന് ഉടനടി ഡി.സി.ആർ.ജി കൈപ്പറ്റാവുന്നതാണ്. |

സെക്ഷൻ ഓഫീസർ